DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

08-11-2018

കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കർഷകരിൽ നിന്നും രാസവളങ്ങൾക്ക് അമിത വില ഈടാക്കുന്നതായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ എല്ലാ ജില്ലകളിലെയും എൻഫോഴ്സ്മെന്റ് സ്ക്വാഡ് വളം ഡിപ്പോകൾ പരിശോധിക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡയറക്ടർ നൽകിയിട്ടുണ്ട്. അമിത വില ഈടാക്കുന്ന വളം ഡിപ്പോകൾക്കെതിരെ Fertilizer Control Order 1985 പ്രകാരവും Essential Commodities Act 1955 പ്രകാരവുമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണണ്ട്. കർഷകർ നിർബന്ധമായും POS machine മുഖേന വളം വാങ്ങേണ്ടതും ബില്ല് വാങ്ങി അതിൽ പ്രിന്റ് ചെയ്തിരിക്കുന്ന MRP മാത്രം നൽകേണ്ടതുമാണ്. MRP യിൽ കൂടുതൽ തുക ഡിപ്പോകൾ ഈടാക്കിയാൽ കർഷകർ കൃഷി ഭവനിൽ പരാതി നൽകേണ്ടതാണ്.

## അറിയിപ്പ്

ആലപ്പുഴ ജില്ല വള്ളിക്കുന്നം കൃഷി ഭവനിൽ തെങ്ങിന്റ കീടരോഗബാധകൾ നിയന്ത്രണ വിധേയമാക്കുന്നതിനായി ഒരു പദ്ധതി നടപ്പാക്കുന്നു. ഇതിനു മുന്നോടിയായ ചെല്ലിബാധ/ കുമ്പു ചീയൽ രോഗം മൂലം നിലവിൽ നശിച്ചു നിൽക്കുന്ന തെങ്ങുകൾ വെട്ടി

നശിപ്പിയ്ക്കേണ്ടതുണ്ട്. ഇത്തരം തെങ്ങുകളുള്ള കർഷകർ കൃഷി ഭവനിൽ നേരിട്ടോ പഞ്ചായത്ത് മെമ്പർ മുഖേനയോ നവംബർ 12 ന് അകം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ഇത്തരം തെങ്ങുകൾ കൃഷി ഭവന്റെ നേതൃത്വത്തിൽ വെട്ടിമാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## വ്യാവസായിക അടിസ്ഥാനത്തിലുള്ള മുട്ട ഉല്പാദനം താലൂക്ക് തല നിക്ഷേപകസംഗമം - കരുനാഗപ്പള്ളി

മൃഗസംരക്ഷണ മേഖലയിലെ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികളുടെ ഭാഗമായി "**വ്യാവസായിക അടിസ്ഥാനത്തിൽ മുട്ടയുത്പാദനം** " എന്ന വിഷയത്തിൽ ഏകദിന നിക്ഷേപക സംഗമം സംഘടിപ്പിക്കുന്നു. നാളെ രാവിലെ 9 മണിയ്ക്ക് കരുനാഗപ്പള്ളി ഐ.എം.എ ഹാളിൽ വച്ച് എം.എൽ.എ. ആർ രാമചന്ദ്രൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ മുട്ടക്കോഴികളെ വളർത്താൻ സന്നദ്ധരായ സംരംഭകരെ കണ്ടെത്തി പരിശീലനം കൊടുക്കുകയും മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയുമാണ് ഇതു വഴി ലക്ഷ്യമിടുന്നത്. കൂടാതെ ഇതോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ സെമിനാറും ഉണ്ടായിരിക്കും.

## ടാപ്പിങ് പരിശീലനകേന്ദ്രം

റബ്ബർബോർഡിന്റെ ചങ്ങനാശ്ശേരി റീജിയണൽ ഓഫീസിനു കീഴിൽ പാമ്പാടി ചേന്നമ്പള്ളിക്കു സമീപം പ്രവർത്തിക്കുന്ന റബ്ബർ ടാപ്പിങ് പരിശീലന കേന്ദ്രത്തിൽ അടുത്ത ബാച്ചിനുള്ള പരിശീലനം 2018 നവംബർ 8 മുതൽ ആരംഭിക്കുന്നു. മുപ്പതു ദിവസം നീണ്ടു നിൽക്കുന്ന ഈ ടാപ്പിങ്

കറസംസ്കരണ പരിശീലന പരിപാടിയിൽ സ്വന്തമായി ടാപ്പുചെയ്യാൻ ആഗ്രഹിക്കുന്ന റബ്ബർ കർഷകർക്കും പങ്കെടുക്കാം. പരിശീലനം തൃപ്തികരമായി പൂർത്തിയാക്കുന്നവർക്ക് റബ്ബർ ബോർഡ് സർട്ടിഫിക്കറ്റും ദിനംപ്രതി നൂറുരൂപ കോമ്പൻസേഷൻ അഥവാ സ്റ്റൈപന്റും നൽകും. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നവംബർ 8 ന് രാവിലെ ഒമ്പതുമണിക്ക് ആധാർ കാർഡിന്റേയും ബാങ്ക്പാസ്സ് ബുക്കിന്റേയും കോപ്പികളുമായി പരിശീലനകേന്ദ്രത്തിൽ എത്തിച്ചേരണമെന്ന് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0481 2421532 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ക്ഷീര കർഷകക്ക് ക്ഷീര സാന്ത്വനം പദ്ധതി

ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്ഷീര കർഷകർക്ക് വേണ്ടി കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്, മിൽമ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ ക്ഷീര സാന്ത്വനം എന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. ആരോഗ്യസുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷ്വറൻസ്, ഗോസുരക്ഷ എന്നീ ഘടകങ്ങളാണ് ക്ഷീര സാന്ത്വന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ക്ഷീരകർഷകർക്കും കുടുംബാംഗങ്ങൾക്കും പശുക്കൾക്കും ഈ പദ്ധതി പ്രകാരം പരിരക്ഷ ലഭിക്കും. സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളിൽ 2017 ഒക്ടോബർ 1 മുതൽ 2018 സെപ്റ്റംബർ 30 വരെയുള്ള ഒരു വർഷക്കാലയളവിൽ കുറഞ്ഞത് 90 ദിവസമോ 250 ലിറ്റർ പാൽ അളന്നതോ

ആയ ക്ഷീര കർഷകനും, ജീവിത പങ്കാളിയും, 25 വയസ്സിൽ താഴെ പ്രായമായ അവിവാഹിതരായ രണ്ട് കുട്ടികളുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇവർക്ക് പുറമെ ക്ഷീരസംഘം ജീവനക്കാർക്കും പദ്ധതിയിൽ അംഗമാകാവുന്നതാണ്. ഒരു വർഷമാണ് ഇൻഷ്വറൻസിന്റെ കാലാവധി. ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസിലേക്കുള്ള എൻട്രോൾമെന്റ് 2018 നവംബർ മാസം 1 മുതൽ 10 വരെ സംസ്ഥാനത്തെ ക്ഷീര സംഘങ്ങൾ മുഖേന നിർവ്വഹിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര വികസന സർവ്വീസ് യൂണിറ്റുമായോ ഏറ്റവും അടുത്തുള്ള ക്ഷീര സഹകരണ സംഘവുമായോ ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിക്കുന്നു.